**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 78. 25.01.2018 -ലെ മറുപടിക്ക്.

**തൊഴിൽ നയം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.വി.ഡി.സതീശൻ:** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |

| | | | |
| --- | --- | --- | --- |
| (എ) | സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (ബി | തൊഴിൽദായകരായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകുന്നത്; | (ബി) | ഉണ്ട്. ഗ്രേഡിംഗിനുള്ള പൊതു മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>1. മികച്ച തൊഴിൽ ദാതാവ്.<br>2. സംതൃപ്തരായ തൊഴിലാളികൾ<br>3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം.<br>4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീക്ഷം<br>6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ<br>7. തൊഴിലിടങ്ങളിലെ സുരക്ഷ |
| (സി) | ഗ്രേഡിംഗിലൂടെ മെച്ചപ്പെട്ട തൊഴിൽ ബന്ധം വളർത്തിയെടുക്കുവാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | തൊഴിലുടമ, തൊഴിലാളി, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനുമാണ് സർക്കാർ ഗ്രേഡിംഗ് വഴി ഉദ്ദേശിക്കുന്നത്. തൊഴിലാളികൾക്ക് അർഹമായ സേവന- |

| | | | |
|---|---|---|---|
| | | | വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുവാനും ഗ്രേഡിംങ്ങിലൂടെ ലക്ഷ്യമിടുന്നു. |
| (ഡി)<br><br><br><br><br><br><br>(ഇ) | വ്യവസായങ്ങളുടെ നടത്തിപ്പിൽ കാലാനുസൃതമായി ഉണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി തൊഴിൽ നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;<br><br>എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിലാണോ ഒരു ഓർഡിനൻസിലൂടെ ചുമട്ടു തൊഴിലാളി നിയമത്തിൽ ഭേദഗതി കൊണ്ടുവന്നത് എന്ന് വ്യക്തമാക്കുമോ; അതിനോടുള്ള തൊഴിലാളി സമൂഹത്തിന്റെ പ്രതികരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ഡി)<br>&<br>(ഇ) | ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് 1962 – ലെ കേരള മോട്ടോർ തൊഴിലാളി നിയമം, 1974 – ലെ കേരള കരാർ തൊഴിലാളി നിയമം, 1983- ലെ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1998 – ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് എന്നിവയിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ടി നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ്/ റിന്യൂവൽ എന്നിവയ്ക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്ന തരത്തിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 1948 – ലെ ഫാക്ടറി നിയമത്തിലും ആവശ്യപ്പെട്ട ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ തന്നെ ഭാഗമായി വ്യവസായ വകുപ്പ് പുറപ്പെടുവിച്ച 2017 – ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിലാണ് 1978 – ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. നിലവിലുള്ള ആക്ടിൽ 9A, 9B എന്നീ സെക്ഷനുകൾ കൂടി കൂട്ടി ചേർക്കുകയാണുണ്ടായത്. ഇതു സംബന്ധിച്ച് തൊഴിലാളി സംഘടന നേതാക്കളുമായി വ്യവസായ വകുപ്പ് മന്ത്രിയുടെയും തൊഴിൽ വകുപ്പ മന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് വിരുദ്ധമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവില്ല എന്നും |

| | | | |
|---|---|---|---|
| | | | എന്നാൽ തൊഴിൽ മേഖലയിലെ തെറ്റായ പ്രവണതകൾക്ക് പരിഹാരം കാണുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമസഭയിൽ ഇത് ബിൽ ആയി അവതരിപ്പിക്കുമ്പോൾ വിശദമായി ചർച്ചയ്ക്ക് അവസരം ലഭിക്കുമെന്നും പ്രസ്തുത യോഗം വിലയിരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്